## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6611   01.11.2011-ൽ മറുപടിയ്ക്ക്

### കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി അനുവദിച്ച 216 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. എ.ഐ.ബി.പി.യിൽ ഉൾപ്പെട്ട കരിമ്പ അക്വാഡക്ടിന്റെ പുനർനിർമ്മാണത്തിനുള്ള ടെണ്ടർ നടപടിയെടുത്തു വരുന്നു. കൂടാതെ എ.ഐ.ബി.പി.യിൽ ഉൾപ്പെട്ട കനാൽ നവീകരണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |
| (ബി) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് മറ്റെന്തെല്ലാം പ്രോജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) & (സി) | കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് മറ്റു പ്രോജക്ടുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം എന്തെങ്കിലും തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഡി) കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലിന്റെ ഇരുവശത്തുമുള്ള സ്ഥലം വികസന പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഇക്കാര്യത്തിൽ അപേക്ഷകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ഭാവിയിൽ ലഭിക്കുന്ന പക്ഷം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ